**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2198** **11-10-2021 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ഒ.എം.എസ്. ബില്ലിംഗ് സോഫ്റ്റ്‌വെയറിന്റെ പരിഷ്കാരപിഴവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയുടെ മാവേലിസ്റ്റോർ തുടങ്ങിയ ഔട്ട്‌ലെറ്റുകളിൽ ഉപയോഗിച്ചുവരുന്ന ഒ.എം.എസ്. എന്ന ബില്ലിംഗ് സോഫ്റ്റ്‌വെയറിന്റെ പരിഷ്കാരപിഴവ് കാരണം 2015 ഡിസംബർ 31 വരെ ഒരേ റേഷൻ കാർഡിന് അതേമാസം ഒന്നിൽ കൂടുതൽ തവണ അധിക സബ്സിഡി നൽകിയതുവഴി ആഡിറ്റ് റിപ്പോർട്ട് പ്രകാരം ഈയിനത്തിൽ എത്ര രൂപ കോർപ്പറേഷന് നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സബ്സിഡി ഓഡിറ്റുമായി ബന്ധപ്പെട്ട് 7,26,86,813.96 രൂപ നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു. |
| (ബി) | ഇതിൻപ്രകാരം സാധനങ്ങളുടെ വിലയായും പിഴയായും എത്ര ലക്ഷം രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | സാധനങ്ങളുടെ വിലയായും പിഴയായും 56,26,772.52 രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കിയിട്ടുണ്ട് |
| (സി) | 2015 ഡിസംബറിൽ പരിഷ്കരിച്ച സോഫ്റ്റ്‌വെയർ ഉപയോഗിച്ച് 2014 ഏപ്രിൽ മുതലുള്ള തുക കണക്കാക്കി ജീവനക്കാരിൽ നിന്ന് തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സബ്സിഡി അധിക വിൽപ്പനയുമായി ബന്ധപ്പെട്ട് 2014 ഏപ്രിൽ മുതൽ ബാധ്യത തുക ജീവനക്കാരിൽ നിന്നും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | സോഫ്റ്റ്‌വെയറിന്റെ യഥാസമയത്തിലുള്ള പരിഷ്കരണത്തിന്റെ പിഴവ് കാരണം ജീവനക്കാർക്ക് ബാധ്യത നിശ്ചയിച്ചുനൽകിയ ഈ നടപടിയ്ക്കെതിരെ സപ്ലൈകോയ്ക്കെതിരായി കോടതിയിൽ നിന്ന് എന്തെങ്കിലും വിധിന്യായം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ഡി) | ഉണ്ട്. KCSOA ഭാരവാഹികൾ ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ച WP(C) 9372/21 നമ്പർ നിവേദനം പരിഗണിച്ച് പെറ്റീഷണേഴ്സിന്റെ അംഗീകൃത പ്രതിനിധിയെ നേരിൽ കേട്ട ശേഷം നിവേദനത്തിൻമേൽ ഒരു മാസത്തിനകം തീരുമാനമെടുക്കുവാനും അതുവരെയും ഇവർക്ക് നൽകിയ നോട്ടീസിന്മേലുള്ള റിക്കവറി നടത്തരുതെന്നും 02.09.2021-ൽ ബഹുമാനപ്പെട്ട കോടതി ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി ആളുകളുമായി 06.10.2021-ന് നേർക്കാഴ്ച്ച നടത്തിയിട്ടുണ്ട്. |
| (ഇ) | നിലവിൽ അധിക സബ്സിഡിയായി ഏതെങ്കിലും ഔട്ട്‌ലെറ്റുകളിൽ നൽകുന്നത് കണ്ടെത്തി ബിൽ | (ഇ) | നിലവിൽ അധിക സബ്സിഡി ഔട്ട് ലെറ്റുകളിൽ നൽകുന്നത് കണ്ടെത്തി ബിൽ ചെയ്യാൻ |

| | | | |
|---|---|---|---|
| | ചെയ്യാൻ കഴിയാത്തവിധത്തിലുള്ള സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ടോ; | | കഴിയാത്ത വിധത്തിലുള്ള ഓൺ ലൈൻ സബ്സിഡി പോർട്ടൽ സപ്ലൈകോയിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (എഫ്) | എത്ര ജീവനക്കാരാണ് സോഫ്റ്റ്‌വെയറിന്റെ പരിഷ്കാരപിഴവ് മൂലം ഇനി തുക അടയ്ക്കാനുള്ളതെന്ന് വിശദമാക്കാമോ? | (എഫ്) | സബ്സിഡി ഓഡിറ്റുമായി ബന്ധപ്പെട്ട ബാധ്യതാ തുക, 2377 ജീവനക്കാർ അടയ്ക്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ